STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.677/PR/SPMC/PHQ/2020 Date :28.12.2020

## പോലീസിന് വ്യാജസന്ദേശങ്ങൾ നൽകിയയാൾ പിടിയിൽ

മംഗള എക്സ്പ്രസ് ട്രെയിനിൽ തീവയ്ക്കാൻ പദ്ധതിയിടുന്നുവെന്ന് പോലീസ് ആസ്ഥാനത്തേക്ക് വ്യാജസന്ദേശം നൽകിയ ആൾ പോലീസ് പിടിയിലായി. കഴിഞ്ഞ വർഷം ഡിസംബറിൽ പോലീസ് ആസ്ഥാനത്തെ ഇ.ആർ.എസ്.എസ് കൺട്രോൾ റൂമിലേക്ക് വിളിച്ച് വ്യാജസന്ദേശം നൽകിയ മലപ്പുറം തിരുവാലി പാതിരിക്കോട് സ്വദേശി അബ്ദുൾ മുനീറിനെയാണ് വണ്ടൂർ പോലീസ് അറസ്റ്റ് ചെയ്തത്.

അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് എടുത്ത നിരവധി സിംകാർഡുകളും മൊബൈൽ ഫോണും ഇയാളിൽ നിന്ന് പോലീസ് കണ്ടെടുത്തു. പോലീസ് ആസ്ഥാനത്തിന് പുറമെ ഫയർഫോഴ്സ്, റെയിൽവേ പോലീസ് കൺട്രോൾ റൂം എന്നിവിടങ്ങളിലേക്കും ഇയാൾ വ്യാജസന്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും പോലീസ് കണ്ടെത്തി. ഇത്തരത്തിൽ വിവിധ നമ്പരുകളിൽ നിന്ന് സ്ത്രീകളെ വിളിച്ച് ശല്യപ്പെടുത്തിയതിന് ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ ഇയാൾക്കെതിരെ കേസ് നിലവിലുണ്ട്.

**************